# Luke 17: 11-19

അമേരിക്കക്കാർ ആഴ്ചയിലൊരിക്കൽ “Thanks Giving Day” ആചരിക്കാറുണ്ട് . അമേരിക്കൻ പ്രസിഡന്റായിരുന്ന ജോർജ് വാഷിംഗ്ടൻ അനുസ്മരിക്കാറാണ് അവർ ഇതു കൊണ്ടടുക. അമേരിക്കക്കാർതങ്ങളുടെ മക്കളെ പറഞ്ഞു പഠിപ്പിക്കുന്ന വാചകം ഇപ്രകാരമാണ്: "നന്ദിയുള്ളവരായിരിക്കുക, നിങ്ങളുടെമഹത്ത്വം വർദ്ധിക്കും." ബൈബിളിൽ ഉടനീളം നന്ദി പ്രകടിപ്പിക്കുന്നവരുടെ ഒരു വലിയ നീണ്ടനിര നമുക്ക് കാണുവാൻ കഴിയും.

വിശ്വാസികളുടെ പിതാവായ അബ്രാഹം മുതൽ ധാരാളം പേർ നന്ദിയുടെ സൂചകരായി ബലിയർപ്പിക്കുന്ന രംഗങ്ങളും ബൈബിളിലുണ്ട് . ഇന്നത്തെ സുവിശേഷഭാഗം, വിജാതീയായ കുഷ്ഠരോഗിയുടെ നന്ദി പ്രകടമാണ്.യഹൂദരും സമരിയാക്കാരും ബദ്ധ വൈരികളായിരുന്നു എന്നതാണു സത്യം. പക്ഷേ യേശുവിന്റെ അരികിൽ

അവർ ഏകസ്വരത്തിൽ പറയുന്നു: "യേശുവേ, ഗുരോ ഞങ്ങളിൽ നിയണമേ" (ലൂക്കാ 17:13). ബദ്ധവൈരികളായവർ ഒന്നിക്കുക പൊതുവേ എന്തെങ്കിലും നേട്ടത്തിനായിരിക്കും. ജീവിതത്തിൽ എന്തെങ്കിലും നേടിയെടുക്കുവാൻ ഒന്നായിരിക്കേണ്ടത് ആവശ്യമാണ്. പെട്ടെന്നുണ്ടകുന്ന മരണമോ അപകടമോ ഭൂകമ്പമോ ഉരുൾപാട്ടലുമൊക്കെ മുഷ്യരെ തമ്മിൽ അടുപ്പിക്കും. വിപരീതചിന്താഗതിക്കാരായ പാർട്ടികൾ തമ്മിലോ ഭക്തസംഘടകളോ പ്രസ്ഥാങ്ങൾ തമ്മിലോ അടുക്കുന്നതു ചില ആകസ്മികസംഭവങ്ങളുടെ

പശ്ചാത്തലത്തിലായിരിക്കും. സുവിശേഷത്തിൽ കണ്ടുമുട്ടുന്ന പത്തു കുഷ്ഠ രോഗികളിൽ യഹൂദരും സമരിയാക്കാരും ഉണ്ടായിയിരുന്നു. അവരെ തമ്മിൽ അടുപ്പിക്കുന്നതു ക്രിസ്തു തങ്ങളെ രക്ഷിക്കും എന്നുള്ള്ള പൂർണമായ വിശ്വാസത്തിന്റെ പുറത്താണ്. ഈ വിശ്വാസമാണ് അവരെ രക്ഷിക്കുന്നതും. ഗാന്ധിജി പറയുന്നു, "കയ്യില്ലാത്ത മനുഷ്യന് ദാനം സ്വീകരിക്കാൻ കഴിയാത്തതുപോലെ വിശ്വസിക്കാത്തവർക്കു ദൈവത്തിന്റെ അനുഗ്രഹം ലഭിക്കില്ല." വിശ്വാസമുള്ളവർേക്ക ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഇരുകൈയും നീ്ട്ടി സ്വീകരിക്കാൻ കഴിയൂ. കുഷ്ഠരോഗികൾ വിശ്വാസത്തോടെ യേശുവിന്റെ അരികിലേക്കു കടന്നുവന്നരാണ്.

യേശു കുഷ്ഠരോഗികൾക്കു കൊടുക്കുന്ന ഉത്തരം നിങ്ങൾ പോയി "പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കുവിൻ" എന്നാണ്. നന്മ ചെയ്യുമ്പോൾ നാലാൾ അറിയണം എന്ന വാശിയോ ചെയ്ത ശുശ്രൂഷയുടെ മുഴുവൻ ക്രെഡിറ്റും സ്വന്തമാക്കണമെന്ന ആഗ്രഹവും കർത്താവിലില്ല. പത്രത്തിന്റെ മുൻകോളത്തിൽ പേരും, ഫോട്ടോയും അടിച്ചുവരണം എന്നോ പൊതുയോഗങ്ങളും തെരുവുപ്രസംഗങ്ങളോ യേശു നടത്തുന്നതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മറിച്ചു വിശ്വാസം ദൈവവചനം പ്രഘോഷിക്കുവാനുള്ളതാണെന്നു വചനം രേഖപ്പെടുത്തുന്നു. ദൈവത്തെ മഹത്ത്വപ്പെടുത്തനായി കടന്നുവരുന്ന കുഷ്ഠരോഗി നിറഞ്ഞ ഹൃദയത്തോടെയാണു വരിക. ഹൃദയത്തിലുള്ള ഓർമയാണ് ഓരോ നന്ദി നിറഞ്ഞ വാക്കുകളും. അപരന്റെ ഹൃദയത്തിൽ നമ്മിലൂടെ ലഭിച്ച ദൈവത്തിന്റെ നന്മയ്ക്ക് അവർ നല്കുന്ന പ്രത്യുത്തരമാണു നന്ദി. ലഭിച്ച അനുഗ്രഹങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവൻ എന്നും ദൈവത്തിന്റെ ദാനങ്ങൾക്കു നന്ദി പ്രകാശിപ്പിക്കും. ബൈബിളിൽ കണ്ടുമുട്ടുന്ന കുഷ്ഠരോഗി തനിക്കു ലഭിച്ച വലിയ അനുഗ്രഹത്തെ ഹൃദയത്തിൽ സൂക്ഷിച്ചു, അത്തിനു നന്ദി അർപ്പിക്കുകയും ചെയ്തു.

'ഗീതാഞ്ജലി' എന്ന അശ്വര ഗാസമാഹാരത്തിനു നോബൽ സമ്മാനം നേടിയ ടാഗോർ തന്റ്െറ സ്മരണക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുകയുണ്ടയി. അതിൽ അദ്ദേഹം തന്റ്െറ ചെറുപ്പകാലത്തെ അനുഭവം വിവരി ക്കുന്നുണ്ട് . ഒരു ദിവസം രവീന്ദ്രാഥ ടാഗോർ വളരെ ദുഃഖിതും വിഷാദമൂകുമായി ക-പ്പോൾ ഒരു പുരോഹിതൻ ടാഗോറിന്റ്െറ അടുത്തുവന്നു തോളിൽ തട്ടിയിട്ടു സ്േഹത്തോടെ ചോദിച്ചു, "രവീന്ദ്രാഥ്, എന്തു പറ്റി?" വ്യക്തിപരമായ ചില കാരണങ്ങളാൽ ആ കോളജിൽ നിന്നും പഠനം നിർത്തി പോകുന്ന കാര്യത്തെക്കുറിച്ചു ചിന്തിക്കുകയായിരുന്നു അദ്ദേഹം. ആവൈദികന്റ്െറ കരുണാർദ്രമായ വാക്കുകൾ കേട്ടു രവീന്ദ്രാഥ് അവിടെപഠനം പൂർത്തിയാക്കി.

പിന്നീടു തന്റ്െറ ഓർമക്കുറിപ്പിൽ ആ പുരോഹിതക്കുെറിച്ചുള്ള അദ്ദേഹത്തിന്റ്െറ കൃതജ്ഞത ിറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: "എന്നെ സംബന്ധിച്ചിടത്തോളം ആ പുരോഹിതൻ ഭൂമിയിലേക്ക് ഇറങ്ങി വന്ന ഒരു മാലാഖയായിരുന്നു. ഞാൻ അദ്ദേഹത്തെ കൃതജ്ഞതയോടെ ഓർക്കുന്നു." ബൈബിളിൽ വി. പൌലോസ് ശ്ളീഹാ നമ്മെ ഓർമിപ്പിക്കുന്നത് ഇപ്രകാരമാണ്: "എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണു യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം" (1 തെസ. 5: 18). ദൈവത്തെ മഹത്ത്വപ്പെടുത്തിയവരെയെല്ലാം ദൈവം

ഉയർത്തിയിട്ടുണ്ട്. ദൈവമഹത്ത്വത്തിനായി നല്കുന്ന ഏതൊരു പ്രവൃത്തിക്കും ദൈവം അനുഗ്രഹം വർഷിക്കും. ദൈവത്തിനു മഹത്ത്വം നല്കി ഹൃദയകവാടത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളവരാണു വിശ്വാസികളുടെ പിതാവായ അബ്രാഹം മുതൽ പരി. കന്യക മറിയവും വി. പൌലോസും സകല വിശുദ്ധരുമെല്ലാം. അവർ ദൈവമഹത്വത്തിനായി തങ്ങൾക്കു കിട്ടിയ ദാങ്ങൾക്കു ദൈവത്തോടു നന്ദി പ്രകാശിപ്പിച്ചു. "അങ്ങു നല്കിയ അനുഗ്രഹങ്ങളെ പ്രതി ഞാൻ എന്നേക്കും അവിടുത്തോടു നന്ദി പറയും. അങ്ങയുടെ ഭക്തരുടെ മുമ്പിൽ ഞാൻ അങ്ങയുടെ നാമം പ്രകീർത്തിക്കും എന്ന സങ്കീർത്തവചനം ജീവിതത്തിൽ പാലിച്ചവരായിരുന്നു അവർ. കൃതജ്ഞത കുലീനവും സൌഭാഗ്യപൂർണവുമായ ഹൃദയത്തിന്റെ ലക്ഷണമാണ്. കൃതജ്ഞത നമ്മെ ഉന്നത പദവിയിലെത്തിക്കുകയും ചെയ്യുന്നു എന്ന ബെക്കറിന്റെ വാക്കുകൾ ഇവിടെ അണ്ട് വർത്ഥമാകുകയാണ്. അബ്രാഹം ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു പ്രതിന്ദി പ്രകാശിപ്പിക്കുവാനായി സ്വപുത്രനെത്തന്നെ ദൈവഹിത പ്രകാരം മോറിയാമലയിലേക്കു കൊണ്ട് പോയി. അബ്രാഹത്തിന്റെ ബലിയിൽ സംപ്രീതായി ദൈവം അരുളി ച്ചെയ്തു, "ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെനക്ഷത്രങ്ങൾപോലെയും കടൽത്തീരത്തെ മണൽത്തരി പോലെയും ഞാൻ വർദ്ധിപ്പിക്കും.

ശത്രുവിന്െറനഗരകവാടം അവർ  പിടിച്ചെടുക്കും" (ഉത്പ. 22:17). അതുപോലെതന്നെ പരി. കന്യകാമറിയം ദൈവത്തെമഹത്ത്വപ്പെടുത്തിയപ്പോൾ എല്ലാവരുടെയും അമ്മയായി ഉയർത്തി. അവിടുന്നു തന്െറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും" (ലക്കാ 1:48). ജീവി തംകൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തിയ വ്യക്തിയായിരുന്നു പ ൌലോസ് ശ്ളീഹാ. പ ൌലോസ് ശ്ളീഹാ നമ്മോടു പറയുന്നു, നിങ്ങൾ  വില കൊടുത്തു വാങ്ങപ്പെട്ടവരാണ്. ആകയാൽ, നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുവിൻ" (1 കൊറി. 6:20). ഇന്നത്തെ സുവിശേഷ ഭാഗത്തു കണ്ടുമുട്ടുന്ന പത്തു കുഷ്ഠരോഗികളിൽ വിജാതീയായ കുഷ്ഠരോഗിയും തന്െറ ജീവിതത്തിൽ ദൈവമഹത്ത്വം തിരിച്ചറിഞ്ഞ വ്യക്തിയായിരുന്നു.

അതുകൊണ്ടണ് അവൻ തിരിച്ചുവന്നു നന്ദി പ്രകാശിപ്പിച്ചത്. അവന്െറ വിശ്വാസ തീക്ഷ്ണത കണ്ടു യേശുഅനുഗ്രഹിച്ചു; നിന്െറ വിശ്വാസം നിന്നെ രക്ഷിക്കട്ടെ" (ലൂക്കാ 17:19). ജനനം മുതൽ  മരണം വരെ നാം മനസ്സിൽ സൂക്ഷിക്കേണ്ട അശ്വരമായ പദമാണു നന്ദി. അതിനുവേണ്ടി നന്ദിയർപ്പിക്കപ്പെടുന്ന ഒരു ദിവസം ആചരിച്ചില്ലെങ്കിലും

ജീവിതത്തിൽ നന്ദി കാത്തുസൂക്ഷിക്കാം. ജനിപ്പിച്ച മാതാപിതാക്കൾ മുതൽ ആറടി മണ്ണിൽ കുഴിച്ചിടുന്ന മൺവെട്ടി വരെ നമ്മുടെ നന്ദിക്ക് അർഹരാണ്. നമ്മോട്ഇടപഴകുന്ന സഹജീവികളോടും നമ്മുടെ പരിസ്ഥിതിയോടും ന്ദി നിറഞ്ഞവരാകുമ്പോഴാണു നാം മഹത്വപ്പെടുന്നതു.